പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 968 14-10-2026-ൽ മറുപടിയ്ക്ക്

കുറ്റിപ്പാലയിൽ കേരള ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന ഫ്ലാറ്റ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. സി. കെ. കാസിം	ശ്രീ. മോൻസ് ജോസഫ് (ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് ജില്ലയിലെ മുക്കം മുൻസിപ്പാലിറ്റിയിലെയും സമീപ പഞ്ചായത്തുകളിലെയും 44 കുടുംബങ്ങൾക്കായി മുക്കം കുറ്റിപ്പാലയിൽ കേരള ഹൗസിംഗ് ബോർഡ് 5.45 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ഫ്ലാറ്റിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

മറുപടി:

2020-21വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ മുക്കം കുറ്റിപ്പാലയിൽ 4 ബ്ലോക്കുകളായി 36 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 5.45 കോടി രൂപക്ക് ഭരണാനുമതി ലഭ്യമാക്കിയിരുന്നു. പദ്ധതിയുടെ 78% സിവിൽ പ്രവർത്തികൾ നാളിതുവരെ പൂർത്തികരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ജോലികൾ പൂർത്തികരിക്കുതന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയതിനാൽ ടിയാന്റെ കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ റദ്ദാക്കി. ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി പുതിയ കരാറുകാരനെ തിരഞ്ഞെടുക്കുന്നതിന് 24.08.2026ന് ടെണ്ടർ ക്ഷണിച്ചിരുന്നു. എന്നാൽ ആരും തന്നെ പങ്കെടുക്കാത്തതിനാൽ 14.09.2026ന് പുനർ ടെണ്ടർ ക്ഷണിച്ചു. ആയതിൽ ഒരു bidder മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. ടെണ്ടർ ഇവാലുവേഷൻ കോഴിക്കോട് മേഖല ഓഫീസിൽ പുരോഗമിച്ചു വരുന്നു. പഴയ കരാറുകാരൻറെ റിസ്ക് ആൻഡ് കോസ്റ്റിൽ ടി പ്രവർത്തികൾ ഉടൻ തന്നെ പുനരാരംഭിക്കുന്നതാണ്.

(ബി) ഫ്ലാറ്റിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

മറുപടി: ബാക്കി നിർമ്മാണ പ്രവൃത്തികൾ മെയ് 2027-ൽ പൂർത്തികരിച്ച്, ജൂൺ 2027-ൽ ഗുണഭോക്താകൾക്ക് കൈമാറാൻ സാധിയ്ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ